"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്വകാര്യ എയിഡഡ് കോളേജ് - വാഴൂർ എസ്.വി.ആർ.എൻ.എസ്.എസ് കോളേജിലെ മുൻ അദ്ധ്യാപകനും നിലവിലെ നിയമസഭാ സാമാജികനുമായ ശ്രീ. എൻ ജയരാജിന് പെൻഷൻ ആനുകല്യം ലഭ്യമാക്കുന്നതിന് പ്രത്യേക ഇളവ് നൽകി 31.03.2011 തീയതി മുതലുള്ള പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.736/2020/ഉ.വി.വ തീയതി, തിരുവനന്തപുരം, 08/06/2020**

---

പരാമർശം :- 1 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 15.10.2019 & 07.02.2020 തീയതികളിലെ എം2/32541/2019/കോ.വി.വ നമ്പർ കത്ത്.

2 കാഞ്ഞിരപ്പള്ളി എം.എൽ.എ ആയ ഡോ.എൻ.ജയരാജ് ധനകാര്യവകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ച 26.02.2020-ലെ അപേക്ഷ.

3 ധനകാര്യവകുപ്പിന്റെ 30.03.2020 തീയതിയിലെ 1342288/വിദ്യാ-സി4/74/2019/ധന നമ്പർ അനൗദ്യോഗികകുറിപ്പ്.

**ഉത്തരവ്**

വാഴൂർ.എസ്.വി.ആർ.എൻ.എസ്.എസ് കോളേജിലെ മുൻ അദ്ധ്യാപകനും നിലവിലെ നിയമസഭസാമാജികനുമായ ശ്രീ.എൻ.ജയരാജ് 31.03.2011- ൽ സേവനത്തിൽ നിന്ന് വിരമിച്ചുവെങ്കിലും 25.03.2019- ലാണ് പെൻഷൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. അനാരോഗ്യവും , നിയമസഭാ സാമാജികൻ എന്ന രീതിയിലുള്ള വ്യക്തിപരമായ തിരക്കുകൾ മൂലവും പെൻഷൻ അപേക്ഷ സമയബന്ധിതമായി സമർപ്പിക്കാൻ സാധിച്ചില്ലായെന്നും ആയതിനാൽ ചട്ടത്തിൽ ഇളവ് നൽകി പ്രത്യേക കേസായി പരിഗണിച്ച് 2011 മാർച്ച് 31 മുതൽ പെൻഷൻ അനുവദിച്ചു നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നതായി പരാമർശം (1) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു. മേൽ വിഷയത്തിൽ പരാമർശം ( 2 ) പ്രകാരം ശ്രീ.എൻ ജയരാജ് ബഹു.ധനകാര്യവകുപ്പ് മന്ത്രിയ്ക്കും അപേക്ഷ നൽകുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഴൂർ എസ്.വി.ആർ.എൻ.എസ്.എസ്. കോളേജിൽ നിന്നും 31.03.2011-ൽ വിരമിച്ച അസോസിയേറ്റ് പ്രൊഫസറും , നിലവിലെ നിയമസഭാ സാമാജികനുമായ ശ്രീ. എൻ.ജയരാജിന്, അനാരോഗ്യവും, നിയമസഭാ സാമാജികൻ എന്ന രീതിയിലുള്ള വ്യക്തിപരമായ തിരക്കുകൾ മൂലവും സമയബന്ധിതമായി പെൻഷൻ രേഖകൾ സമർപ്പിക്കുവാൻ കഴിയാത്തതിനാൽ കാലതാമസത്തിൽ ഇളവ് നൽകണമെന്ന ടിയാളുടെ അഭ്യർത്ഥന പരിഗണിച്ച്, ഇതൊരു കീഴ്വഴക്കമായി പരിഗണിക്കാൻ പാടില്ല എന്ന വ്യവസ്ഥയിൽ, ഒരു പ്രത്യേക കേസ് ആയി, 31.03.2011 മുതലുള്ള പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരി കുമാർ ജി**
**ജോയിന്റ് സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പ്രിൻസിപ്പൽ, എസ്.വി.ആർ.എൻ.എസ്.എസ് കോളേജ്, വാഴൂർ.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) , കേരള, തിരുവനന്തപുരം
ധനകാര്യവകുപ്പ് (30.03.2020-ലെ 1342288/വിദ്യാ-സി4/74/2019/ധന നമ്പർ കുറിപ്പ് പ്രകാരം)
നോഡൽ ഓഫീസർ, www.highereducation.kerala.gov.in.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ